(സി) അകലസിഷനുവേണ്ടി തുക മാറ്റിവച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) പരിശോധിച്ചു വരുന്നു.

ഇടുക്കി ജില്ലയിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ തമിഴ് ഭാഷയിൽ പരീക്ഷ

124 [5105] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തമിഴ് ഭാഷ പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉടുമ്പൻചോല താലൂക്കിൽ തമിഴ് രണ്ടാം ഭാഷയായി അംഗീകരിക്കുന്ന ഒരു സ്കൂൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മലയാളം രണ്ടാം ഭാഷയായി എടുത്തിട്ടുള്ള ഈ ജില്ലയിലെ വിദ്യാർത്ഥികൾക്ക് 12-ാം ക്ലാസ്സിലെ പരീക്ഷ മലയാളത്തിൽ എഴുതുവാൻ അനുവദിക്കുകയും പ്രസ്തുത ക്ലാസ്സിൽ (12-ാം ക്ലാസ്സ്) പഠിക്കുന്ന തമിഴ് വിദ്യാർത്ഥികൾക്ക് തമിഴിൽ പരീക്ഷ എഴുതുവാൻ അനുമതി നൽകിയിട്ടില്ലെന്നും ഇതുമൂലം തമിഴ് വിദ്യാർതഥികളുടെ വിജയ ശതമാനം കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവരുടെ വിജയശതമാനം ഉയർത്തുവാൻ 12-ാം ക്ലാസ്സിലെ അവസാന വർഷ പരീക്ഷ തമിഴ് ഭാഷയിൽ എഴുതുവാൻ ഉത്തരവ് നൽകാമോ;

(ഇ) ഇല്ലെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) തമിഴ് രണ്ടാം ഭാഷയായി പഠിപ്പിക്കുന്നുണ്ട്.

(ബി) ഇപ്രകാരം സ്കൂൾ തുടങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി—ഇ) നിലവിലുള്ള നിയമമനുസരിച്ച് ഹയർ സെക്കണ്ടറി പരീക്ഷ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്. തമിഴിൽ പരീക്ഷ എഴുതുവാനുള്ള അനുമതി നൽകുന്നതുമൂലം മറ്റു ഭാഷാ ന്യൂനപക്ഷങ്ങൾക്കും ഇതേ ആനുകൂല്യം അനുവദിക്കേണ്ടിവരുകയും തദ്വാര നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിന്റെ സുഗമമായ നടത്തിപ്പിനെ അത് ദോഷകരമായി ബാധിക്കുകയും ചെയ്യുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് വേണ്ട യോഗ്യതകൾ

125 [5106] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly